പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 54 | 13-10-2026-ൽ മറുപടിയ്ക്ക്

<u>ചെറുകിട വ്യവസായികൾക്കും സംരംഭകർക്കുമുള്ള ധനസഹായം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. പി .എം. എ. സമീർ
ശ്രീ. പാറക്കൽ അബ്ദുല്ല
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. കല്ലട്ര മാഹിൻ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ചെറുകിട വ്യവസായികൾക്കും സംരംഭകർക്കും ധനസഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> ആവിഷ്കരിച്ചിട്ടുണ്ട്.

- 2018 ലെ പ്രളയത്തിനു ശേഷം വായ്പയെടുത്ത യൂണിറ്റുകൾക്ക് ബാങ്കിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 8% പലിശ സബ്സിഡി ഓരോ വർഷവും 5 ലക്ഷം രൂപയിൽ അധികരിക്കുവാൻ പാടില്ലെന്ന നിബന്ധനയിൽ മൂന്ന് വർഷത്തേക്ക് അനുവദിക്കുന്നതിനുള്ള പ്രളയ പുനരുദ്ധാരണ പദ്ധതി.
- യന്ത്ര സാമഗ്രികളുടെ കേടുപാടുകൾ തീർക്കുവാൻ സഹായം നൽകുന്ന പ്രളയ പുനർ നിർമ്മാണ പദ്ധതി.
- പ്രളയത്തെ തുടർന്ന് നാശനഷ്ടം നേരിട്ട കച്ചവട സ്ഥാപനങ്ങൾക്കും വ്യവസായ യൂണിറ്റുകൾക്കും ദുരന്ത നിവാരണ വകുപ്പ് "ഉജ്ജീവന പദ്ധതി" മുഖേന സഹായം നൽകുന്നുണ്ട്.
- പ്രളയത്തിൽ തകർന്ന വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിരുന്ന പുനർജ്ജനി പദ്ധതി പ്രകാരം പ്രളയ ബാധിത ജില്ലകളിലും വില്ലേജുകളിലും ഹ്രസ്വകാല വായ്പകൾ, നിശ്ചിത കാലാവധി വായ്പകൾ കെ.എസ്.ഐ.ഡി.സി.യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് അധിക പിന്തുണ പദ്ധതി, കാലാവധി വായ്പകൾക്ക് സംസ്ഥാനം മുഴുവൻ ബാധകമായ പ്രത്യേക പദ്ധതി എന്നിവ ലഭ്യമാക്കിയിരുന്നു. ജാമ്യവ്യവസ്ഥ ഉദാരമാക്കൽ, ഒഴിവാക്കൽ, കൂടിയ തിരിച്ചടവ് കാലാവധി തുടങ്ങിയ ഇളവുകൾ ഹ്രസ്വകാല വായ്പകൾക്ക് നല്കിയിരുന്നു. പുതിയ വായ്പകൾക്ക് പ്രോസസിംഗ് ഫീസ് ഒഴിവാക്കിയും, പ്രളയ ബാധിത പ്രദേശത്ത് നിലവിലുള്ള സംരംഭകർക്ക് വായ്പ തിരിച്ചടവിന് കൂടുതൽ സമയവും നിലവിൽ അടച്ച് തീർക്കാൻ ഉള്ള പലിശ (പിഴപ്പലിശ ഒഴിവാക്കി) ഘട്ടംഘട്ടമായി കുറഞ്ഞ പലിശ നിരക്കിൽ (9 ശതമാനം) അടച്ച് തീർക്കാൻ ഉള്ള സൗകര്യവും ലഭ്യമാക്കിയിരുന്നു. വായ്പയിൽ മുതൽ തിരിച്ചടവിന് ഒരു വർഷത്തെ മോറട്ടോറിയവും നൽകിയിരുന്നു. 2019 സെപ്റ്റംബർ 30 വരെയായിരുന്നു ഈ പദ്ധതി പ്രാബല്യത്തിൽ ഉണ്ടായിരുന്നത്.

**(ബി)** ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

**മറുപടി:** പ്രളയം കാരണം പൂർണമായോ ഭാഗികമായോ ആസ്തി നഷ്ടപ്പെട്ടവരെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന സർവ്വേ നടത്തി കണ്ടെത്തി, ഗുണഭോക്താക്കൾക്ക് ഡയറക്ടറേറ്റ് തലത്തിൽ ഫണ്ട് വിതരണം നടത്തുന്നു.

**സെക്ഷൻ ഓഫീസർ**